മേലെഴുത്ത് നം. ജി4/40867/16/കോ.വി.വ തീയതി. 14.11.16

കേരള നിയമസഭാ സെക്രട്ടറിയേറ്റിന്റെ ആഭിമുഖ്യത്തിൽ പാർലമെന്ററി പരിശീലന കേന്ദ്രം സംഘടിപ്പിക്കുന്ന വിദ്യാർത്ഥി പാർലമെന്റിൽ കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ കീഴിലുള്ള ഗവ.കോളേജുകളിലെ വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് യൂണിയന്റെ പങ്കാളിത്തത്തോടുകൂടി പരിപാടിയിൽ പങ്കെടുപ്പിക്കണമെന്ന സർക്കാർ നിർദ്ദേശത്തിൽ ഈ കാര്യാലയത്തിന് കീഴിലുള്ള എല്ലാ ഗവ.കോളേജ് പ്രിൻസിപ്പൽമാരും അടിയന്തിര തുടർനടപടി സ്വീകരിക്കേണ്ടതാണ്.

14/11/16

ജോ. ഡയറക്ടർ

കോ.വി.വ

14/11/16

**വളരെ അടിയന്തരം**

ടെലിഫോൺ : 0471-2512585/2638
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം
## കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം,
09.11.2016.

നമ്പർ : 4557/സി.പി.എസ്.ടി എ-2/2016/നി.സെ

040067

സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി,
ഉന്നത വിദ്യാഭ്യാസ വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം :- കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - "വിദ്യാർത്ഥി പാർലമെന്റ്" സംഘടിപ്പിക്കുന്നത് സംബന്ധിച്ച്.

...............

കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സർവ്വകലാശാല തലത്തിലെ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് "വിദ്യാർത്ഥി പാർലമെന്റ്" 2016 ഡിസംബറിലെ രണ്ടാമത്തെ ആഴ്ചയിൽ സംഘടിപ്പിക്കുകയാണ്. കേരള സർവ്വകലാശാല, എം.ജി. സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കൊച്ചിൻ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മലയാള സർവ്വകലാശാല, സംസ്കൃത സർവ്വകലാശാല എന്നീ സർവ്വകലാശാലകൾക്ക് കീഴിൽ പ്രവർത്തിക്കുന്ന കോളേജുകളിലെ വിദ്യാർത്ഥികളെയാണ് പരിപാടിയിലേക്കായി ഉദ്ദേശിക്കുന്നത്. പരിപാടിയിലേക്കുള്ള അപേക്ഷാഫാറത്തിന്റെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു (അപേക്ഷാഫോറവും മാർഗ്ഗനിർദ്ദേശവും നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamasabha.org-ലും ലഭ്യമാണ്).അപേക്ഷകരിൽനിന്നും പരിപാടിയിൽ പങ്കെടുക്കേണ്ടവരെ തെരഞ്ഞെടുക്കുന്നതിലുള്ള പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ തീരുമാനം അന്തിമമായിരിക്കും. പരിപാടിയ്ക്കായി വിദ്യാർത്ഥികളുടെ അപേക്ഷ ലഭിക്കേണ്ട അവസാന തീയതി 2016 നവംബർ 21 ആണ്.

ആയതിനാൽ മുകളിൽ സൂചിപ്പിച്ച സർവ്വകലാശാലകൾക്ക് കീഴിലുള്ള ഗവ. കോളേജുകളിലെ വിദ്യാർത്ഥികളെ യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് യൂണിയന്റെ കൂടി പങ്കാളിത്തത്തോടുകൂടി പരിപാടിയിൽ പങ്കെടുപ്പിക്കുന്നതിനായി നിർദ്ദേശിക്കുന്നതിന് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

വി. ജി. റിജു,
അണ്ടർ സെക്രട്ടറി,
സെക്രട്ടറിക്കു വേണ്ടി.

പകർപ്പ് :- ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്,
വികാസ് ഭവൻ. പി.ഒ, തിരുവനന്തപുരം.

# കേരള നിയമസഭ

# പാർലമെന്ററി പഠന പരിശീലന കേന്ദ്രം

## "വിദ്യാർത്ഥി പാർലമെന്റ്"

### മാർഗ്ഗനിർദ്ദേശങ്ങൾ

1. വിദ്യാർത്ഥികളിൽ ജനാധിപത്യബോധവും പാർലമെന്ററി നടപടികളിലുള്ള അറിവും വളർത്തുന്നതിനായാണ് പാർലമെന്ററി പഠന പരിശീലന കേന്ദ്രം (സി.പി.എസ്.ടി) "വിദ്യാർത്ഥി പാർലമെന്റ്" സംഘടിപ്പിക്കുന്നത്.

2. കോളേജ്/സർവ്വകലാശാലാ തലത്തിലെ വിദ്യാർത്ഥികളെയാണ് പരിപാടിയിൽ പങ്കെടുപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്.

3. പരിപാടിയിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്ന വിദ്യാർത്ഥികൾ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷാഫോറം തപാലിൽ "The Under Secretary, Centre for Parliamentary Studies and Training, Room No. 738, Assembly Building, Legislature Complex, Vikas Bhavan P.O., Thiruvananthapuram-33 എന്ന വിലാസത്തിലോ, ഇ-മെയിലായി cpst@niyamasabha.org എന്ന വിലാസത്തിലോ, 2016 നവംബർ 21-നകം പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിൽ ലഭിക്കത്തക്കവിധം അയച്ചുതരേണ്ടതാണ്.

4. അപേക്ഷാഫോറവും മാർഗ്ഗനിർദ്ദേശവും നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamasabha.org-ൽ ലഭ്യമാണ്.

5. അപേക്ഷകരിൽനിന്നും പരിപാടിയിൽ പങ്കെടുക്കേണ്ടവരെ തെരഞ്ഞെടുക്കുന്നതിലുള്ള പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ തീരുമാനം അന്തിമമായിരിക്കും.

6. പരിപാടിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ അക്കാര്യം SMS/E-mail വഴി അറിയിക്കുന്നതാണ്.

7. പരിപാടിയിൽ പങ്കെടുക്കുന്നതിന് യാത്രാബത്ത മുതലായവ പാർലമെന്ററി പഠന പരിശീലന കേന്ദ്രം നൽകുന്നതല്ല.

8. പരിപാടിയിൽ പങ്കെടുക്കുന്നവർക്കായി വിദ്യാർത്ഥി പാർലമെന്റിന് മുന്നോടിയായി രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതാണ്.

9. പരിപാടിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പാർലമെന്ററി പഠന പരിശീലന കേന്ദ്രത്തിന്റെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

10. പരിപാടി സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കായി പാർലമെന്ററി പഠന പരിശീലന കേന്ദ്രവുമായി ബന്ധപ്പെടാവുന്നതാണ്.


Centre for Parliamentary Studies and Training,
Room No. 739, Assembly Building, Legislature Complex,
Vikas Bhavan P.O., Thiruvananthapuram - 695033.
Phone : 0471 2512585, 2512638
E-mail : cpst@niyamasabha.org
Fax : 0471 2512375


*******

## APPLICATION FOR PARTICIPATION IN "STUDENT PARLIAMENT" PROGRAMME FOR UNIVERSITY STUDENTS ORGANISED BY THE CENTRE FOR PARLIAMENTARY STUDIES AND TRAINING (CPST) OF THE KERALA LEGISLATURE SECRETARIAT

| | | | | | |
|---|---|---|---|---|---|
| 1. | Name of University | | | | |
| 2. | Name of applicant<br>(IN CAPITAL LETTERS) | | | | |
| 3. | Name and address of College<br>(With Phone No., Fax No. and E-mail ID) | | | | |
| 4. | Course and Semester in which the applicant is studying | | | | |
| 5. | Address for Communication | | PIN : | | |
| 6. | Permanent Address | | PIN : | | |
| 7. | Contact No. | | Land Phone :<br>(With STD code)<br>Mobile Phone : | | |
| 8. | E-mail ID | | | | |
| 9. | Date of Birth | | 10. | Gender | |
| 11. | Name of Parent/Guardian<br>(With Contact No.) | | | | |

**Declaration**

I hereby declare that the information furnished in this application are true and correct to the best of my knowledge and belief. I also undertake that I shall abide by the rules and regulations prescribed by the CPST with regard to the conduct of "Student Parliament".

Name and Signature of the Student.

Counter signed

(Office seal of the College)

Principal/Head of the Department
(With seal)